(സി) സി.പി.എം., ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ലീഗ്, ബി.ജെ.പി., കോൺഗ്രസ് (ഐ) എന്നീ രാഷ്ട്രീയ കക്ഷികളിൽപ്പെട്ടവരും അവരുടെ അനുഭാവികളും ആണ്.

(ഡി) ബി.ജെ.പി., ആർ.എസ്.എസ്., കോൺഗ്രസ്(ഐ), ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ്, സി.പി.എം., എൻ.ഡി.എഫ്., സി.പി.ഐ. (എം.എൽ) എന്നീ രാഷ്ട്രീയ കക്ഷികളിൽപ്പെട്ടവരോ അവരുടെ അനുഭാവികളോ ആണ്.

കൊലപാതകങ്ങൾ

(71) ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ നിലവിൽ വന്നശേഷം ഇതുവരെ എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ട്;

(ബി) ഈ കാലഘട്ടത്തിൽ എത്ര കൊലപാതക ശ്രമങ്ങൾ നടന്നു;

(സി) കൊലചെയ്യപ്പെട്ടവരിൽ സ്ത്രീകൾ, കുട്ടികൾ, പുരുഷൻമാർ എന്നിവർ എത്രപേർ വീതമുണ്ട്;

(ഡി) ഓരോ സംഭവത്തിലും ഒന്നിലധികം പേർ കൊലചെയ്യപ്പെട്ട എത്ര സംഭവങ്ങൾ ഈ കാലഘട്ടത്തിൽ ഉണ്ടായിട്ടുണ്ട്?

ഉത്തരം

(എ) 1639 കൊലപാതകങ്ങൾ

(ബി) 1650 കൊലപാതകശ്രമങ്ങൾ

(സി) സ്ത്രീകൾ 375
കുട്ടികൾ 249
പുരുഷൻമാർ 1015

(ഇ) 72 സംഭവങ്ങൾ

നേതാക്കൻമാരെ വധിക്കുന്നതിനുള്ള ഗൂഢാലോചന

(72) ശ്രീ. കെ. അച്യുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്ടെ പ്രമുഖനേതാക്കളായ സർവശ്രീ ശിവദാസമേനോൻ, ഒ. രാജഗോപാൽ, വിജയരാഘവൻ എന്നിവരെ വധിക്കാൻ ഗൂഢാലോചന നടന്നതായുള്ള റിപ്പോർട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് അന്വേഷണമെന്തെങ്കിലും നടത്തുകയുണ്ടായോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നു.

(ബി) അന്വേഷണം നടത്തുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(സി) റിപ്പോർട്ടുകൾ അടിസ്ഥാനരഹിതമാണെന്നാണ് അന്വേഷണത്തിൽ ബോദ്ധ്യമായിട്ടുള്ളത്.

ആത്മഹത്യാ നിരക്ക് കുറയ്ക്കുന്നതിനുള്ള നടപടി

(77) പ്രൊഫസർ സാവിത്രി ലക്ഷ്മണൻ :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ. സുധാകരൻ :
ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂട്ട ആത്മഹത്യകൾ ക്രമാതീതമായി വർദ്ധിച്ചു വരുന്നകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിലെ ആത്മഹത്യാനിരക്ക് അഖിലേന്ത്യാ ശരാശരിയെക്കാൾ കൂടുതലാണെന്നുള്ള കാര്യം ഗവൺമെന്റിനറിവുണ്ടോ;

(സി) കുടുംബപ്രശ്നങ്ങളോടൊപ്പം സാമ്പത്തിക പരാധീനതകളും കടക്കെണിയുമാണ് ആത്മഹത്യാനിരക്കും കുടുംബ ആത്മഹത്യകളും വർദ്ധിക്കാനുള്ള കാരണമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് ഏതെങ്കിലും ഏജൻസി പഠനം നടത്തിയിട്ടുള്ള വിവരം ഗവൺമെന്റിനറിവുണ്ടോ; വിശദാംശം നൽകാമോ;

(ഇ) ഏതെങ്കിലും ഏജൻസിയുടെ പഠനത്തിൽ കൂട്ട ആത്മഹത്യകളിലെ സാമ്പത്തിക പശ്ചാത്തലം പഠനവിധേയമാക്കിയിട്ടുണ്ടോ;

(എഫ്) ഏതെങ്കിലും പഠന ഏജൻസി ആത്മഹത്യാനിരക്ക് കുറച്ചു കൊണ്ടു വരുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ ഗവണ്മെന്റിന് സമർപ്പിച്ചിട്ടുണ്ടോ;

(ജി) എങ്കിൽ അത് സംബന്ധിച്ച് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ചുള്ള വിശദാംശം നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) കുടുംബപ്രശ്നം, മാരകരോഗം, സാമ്പത്തിക പ്രശ്നങ്ങൾ എന്നിവയാണ് ആത്മഹത്യയ്ക്കുള്ള പ്രധാനകാരണങ്ങൾ.

(ഡി)-(ജി) കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി ആസ്ട്രേലിയ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന (റോസ് ഫൗണ്ടേഷൻ) എന്ന സന്നദ്ധ സംഘടനയുമായി സഹകരിച്ച് കേരളത്തിലെ ആത്മഹത്യ നിരക്കിനെയും അതിനെ നേരിടാൻ ഇന്നു നിലവിലുള്ള സംവിധാനത്തെയും വിലയിരുത്തി അതിന്റെ അടിസ്ഥാനത്തിൽ ഈ പ്രവണതയെ ചെറുക്കുന്നതിനായുള്ള ഒരു കരട് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly